"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീ. പി.ജെ. ജെയിംസ് ഫയൽ ചെയ്ത ഒ.എ.2292/2018 മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 07.01.2019-ൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.പി.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.854/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/04/2021

---

പരാമർശം:- ഒ.എ.2292/2018 മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 07.01.2019-ൽ പുറപ്പെടുവിച്ച വിധിന്യായം

<u>ഉത്തരവ്</u>

പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറായി ജോലി ചെയ്യുന്ന ശ്രീ. അജിത്ത് കുമാർ എം.പി.യ്ക്ക് തൊട്ടുതാഴെയായി സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീ. പി.ജെ. ജെയിംസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ.എ.2292/2018 ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഒ.എ.യിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചുവടെ ചേർക്കും പ്രകാരം പരാമർശ വിധിന്യായം പുറപ്പെടുവിച്ചു.

".....the orginal application is disposed of directing the second respondent to forward the report, as called for along with the necessary proposal as directed in Annexure A4, if not already done, within a period of two weeks from the date of receipt of a copy of this order. On receipt of such report/proposal from the second respondent, the first respondent shall issue consequential orders within a further period of two months."

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ . പി . ജെ . ജയിംസ് സീനിയർ സൂപ്രണ്ട് തസ്തികയിൽ പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നത് 02.02.2013- ലാണ് . ടി തീയതിയ്ക്ക് മുന്നേ തന്നെ ശ്രീ. അജിത്ത് കുമാർ എം.പി.യ്ക്ക് തൊട്ടു ജൂനിയറായ ശ്രീമതി. ജോസ്ന മോൾക്ക് അസി . ഡയറക്ടർ , ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിൽ യഥാക്രമം 30.03.2011, 29.11.2012 തീയതികളിൽ സ്ഥാനക്കയറ്റം നൽകിയിരുന്നു . അതായത് ടി പ്രമോഷൻ നൽകുന്ന സമയങ്ങളിൽ ശ്രീ . ജയിംസ് കെ . എസ് .& എസ് . എസ് . ആർ ഭാഗം I 2(9) - ൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള ' ഒരു സർവ്വീസിലെ അംഗം ' ആകുന്നില്ല . അതായത് ടിയാൻ പ്രൊബേഷണറോ അംഗീകൃത പ്രൊബേഷണറോ ഒരു പൂർണ്ണ അംഗമോ അല്ല . മറിച്ച് ടിയാൻ ഒരു അപ്രൂവഡ് കാൻഡിഡേറ്റ് മാത്രമാണ് . സർവ്വീസിൽ പോലും അംഗമല്ലാത്ത ഒരാൾക്ക് പ്രൊമോഷനോ നോഷണൽ പ്രൊമോഷനോ നൽകാൻ ചട്ട പ്രകാരം നിർവ്വാഹമില്ലാത്തതിനാൽ പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറായി ജോലി ചെയ്യുന്ന ശ്രീ.

അജിത്ത് കുമാർ എം.പി.യ്ക്ക് തൊട്ടുതാഴെയായി സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകണമെന്ന ശ്രീ.പി.ജെ.ജയിംസിന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പാരാമർശ വിധിന്യായം ഇപ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

1. ശ്രീ.പി.ജെ.ജെയിംസ്, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
2. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. ധനകാര്യ വകുപ്പ് (08.09.2020 - ലെ DEV-1/66/2020-FIN നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
7. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (22.12.2020 - ലെ ADV-B2/132/2020-PandARD നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.04.12 15:16:06 IST
Reason: Approved

സെക്ഷൻ ഓഫീസർ